LIBRARY ARCHIVES Kerala Legislative Assembly

(എ-ഇ) മാതിരപിള്ളി-കോഴിപ്പിള്ളി ബൈപ്പാസ്സ് ഉൾപ്പെടുത്തി എൻ.എച്ച്. 85-ൽ മറ്റക്കുഴി മുതൽ മൂന്നാർ വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കവേ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19-9-2017-ലെ കത്ത് പ്രകാരം ഡി.പി.ആർ. പഠനം നിർത്തിവയ്ക്കാനും ഭാരത്മാല പരിയോജനയിൽ ഉൾപ്പെട്ട എൻ.എച്ച്.85 നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറാനുള്ള നിർദ്ദേശം ലഭിച്ചതിൻപ്രകാരം ബന്ധപ്പെട്ട രേഖകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 12-5-2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ S.O. 1507(E) പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറാൻ നിർദ്ദേശം ലഭിച്ച ദേശീയപാതകളുടെ പട്ടികയിൽ എൻ.എച്ച്.85-ഉം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികാരികൾ അറിയിച്ചിട്ടുണ്ട്. പദ്ധതി സ്റ്റാന്റ് എലോൺ പ്രോജക്ടായി നടപ്പിലാക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടില്ല.

റോഡുകളുടെ പരിഷ്കരണം

46(4056) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ പൊതുമരാമത്ത് റോഡുകളിലും റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കിവരുന്ന ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള ഉപരിതലം പുതുക്കുന്ന പ്രവൃത്തികളിൽ എല്ലാം തന്നെ നാച്യുറൽ റബ്ബർ മോഡിഫൈഡ് NRMB ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. NRMB-യുടെ ദൗർലഭ്യം ഉണ്ടാകുന്ന അവസരങ്ങളിൽ മാത്രമാണ് നോർമൽ ബിറ്റുമിൻ ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നത്.

(ബി) പാലങ്ങൾക്കും റോഡുകൾക്കുംവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം സംബന്ധിച്ചുള്ള തർക്കങ്ങൾ വേഗം പരിഹരിച്ച് പരിഷ്കരണങ്ങൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച തർക്കങ്ങൾ ദ്രുതഗതിയിൽ പരിഹരിക്കുന്നതിന് നിലവിൽ ജനപ്രതിനിധികൾ, തദ്ദേശവാസികൾ, റവന്യൂ അധികാരികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുമായി ബന്ധപ്പെട്ട റോഡുകളുടെ അലൈൻമെന്റ് മുൻകൂട്ടി നിശ്ചയിച്ച് ഏറ്റെടുക്കേണ്ട സ്ഥലങ്ങൾ കണ്ടെത്തി ഉചിതമായ നഷ്ടപരിഹാരത്തുക താമസംവിനാ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുംവഴി സ്ഥലമേറ്റെടുക്കൽ പ്രക്രിയ വേഗത്തിലാക്കാനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.